"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - ഇടുക്കി വികസന പാക്കേജ്- ''വർക്കിംഗ് വുമൺ ആൻഡ് മെൻസ് ഹോസ്റ്റൽ നിർമ്മാണം പൈനാവ്'' -പദ്ധതിയുടെ ബഡ്ജറ്റ് ശീർഷകം മാറ്റി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.272/2026/P&EA തിരുവനന്തപുരം, 04-07-2026

---

പരാമർശം:- 1. സ.ഉ(സാധാ)നം. 379/2023/P&EA തീയതി 25.09.2023.

2. ഇടുക്കി ജില്ലാ കളക്ടറുടെ 18.02.2026 ലെ DPO-IDK/17/2025-ADPO നമ്പർ കത്ത്.

**ഉത്തരവ്**

2023-24 വർഷത്തെ ഇടുക്കി വികസന പാക്കേജിന്റെ 2575-60-800-92 നമ്പർ ബഡ്ജറ്റ് ശീർഷകത്തിൽ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം 'വർക്കിംഗ് വുമൺ ആൻഡ് മെൻസ് ഹോസ്റ്റൽ നിർമ്മാണം, പൈനാവ്' എന്ന പദ്ധതിക്ക് ഏഴ് കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

2. നിലവിൽ മേൽ പദ്ധതിക്ക് അനുവദിച്ചിട്ടുള്ള 2575-60-800-92 എന്ന ശീർഷകം റവന്യൂ ചെലവുകൾക്കുള്ളതാണെന്നും അതിനാൽ ടി പദ്ധതിക്ക് സാങ്കേതിക അനുമതി നൽകി ടെൻഡർ ചെയ്യുന്ന വേളയിൽ നിലവിലുള്ള റവന്യൂ ഹെഡിന് പകരം ക്യാപ്പിറ്റൽ ഹെഡിൽ നിന്നും പദ്ധതിക്ക് ആവശ്യമായ തുക അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം ഇടുക്കി ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു .

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഇടുക്കി വികസന പാക്കേജിലുൾപ്പെട്ട ''വർക്കിംഗ് വുമൺ ആൻഡ് മെൻസ് ഹോസ്റ്റൽ നിർമ്മാണം പൈനാവ്' എന്ന പദ്ധതി, നിർമ്മാണ പ്രവർത്തിയായതിനാൽ, ടി പ്രവർത്തിയുടെ ശീർഷകം മൂലധന ശീർഷകമായ 4575-60-800-96 എന്ന ശീർഷകത്തിലേക്ക് മാറ്റി നൽകി പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.

ജില്ലാ കളക്ടർ, ഇടുക്കി

ചീഫ്, അഗ്രി ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഇടുക്കി

ജില്ലാ വികസന കമ്മീഷണർ, ഇടുക്കി

വെബ് & ന്യൂ മീഡിയ (ഐ&പിആർഡി)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Alen Alphonse**
**Date: 04-07-2026 16:21:24**

സെക്ഷൻ ഓഫീസർ